"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2022-2023 സാമ്പത്തിക വർഷത്തെ ബജറ്റ് - തൃശ്ശൂർ ജില്ലയിലെ **'പാറളം ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം'** എന്ന പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1177/2025/LSGD തീയതി,തിരുവനന്തപുരം, 13-05-2025

---

പരാമർശം:- 1. G.O.(Rt) No.1549/2024/LSGD തീയതി 19/08/2024

2. പാറളം ഗ്രാമപഞ്ചായത്ത് സമിതിയുടെ 16/10/2024 ലെ 1(1) തീരുമാനം

3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 14.01.2025 ലെ LSGD/PD/4289/2024-DB7 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2022-2023 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - മരാമത്ത് പണികളുടെ വിശദ വിവരങ്ങൾ വാല്യം II-ൽ ക്രമ നമ്പർ. 1148 ആയി 20% തുക വകയിരുത്തിയിരുന്നതുമായ തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജകമണ്ഡലത്തിലെ **'പാറളം ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം'** എന്ന പ്രവൃത്തിയ്ക്ക് പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പരാമർശം (2) ലെ പാറളം ഗ്രാമപഞ്ചായത്ത് സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിലും, ടി പ്രവൃത്തിയ്ക്ക് 350 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ പുതുക്കിയ ഭരണാനുമതി നൽകണമെന്ന ശിപാർശ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം സർക്കാരിൽ ശിപാർശ ചെയ്യുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022-2023-ലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - മരാമത്ത് പണികളുടെ വിശദ വിവരങ്ങൾ വാല്യം II-ൽ ക്രമ നമ്പർ. 1148 ആയി 20% തുക വകയിരുത്തിയിരുന്നതും, പരാമർശം (1) പ്രകാരം 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതുമായ **'പാറളം ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം'** പ്രവൃത്തിയ്ക്ക് ചുവടെ ചേർക്കുന്ന CTE remarks and recommendation-ന് വിധേയമായി 350 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് 4515-00-800-92(NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുമുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

Remarks

1. For the items of RCC M-25 grade cement both work up to plinth level and from plinth level upto V, the estimate provision for Excess or less cement used as per design mix is payable or recoverable separately, cannot be admitted.
2. Total plinth area reported for GF, FF and terrace is 12,182 sq ft and the estimate amount including building construction, Fire and electrification comes to Rs 298.26 crores and the rate per sq foot is Rs. 2448.36/-, which is reasonable.

Recommendation

1. TS authority shall ensure the necessity of items, admissibility of quantities and to ensure the correctness of rates adopted for OD items.
2. Detailed estimate shall be prepared for the LS items during TS issue.
3. During TS, it shall be confirmed that the size of rooms for officers/other utility shall be complying limits as per the schedule of accommodation.
4. The provision of lift shall be reviewed as building is only two storied.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 13-05-2025 17:12:42

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. സെക്രട്ടറി, പാറളം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ) തിരുവനന്തപുരം
5. ധനകാര്യ (വികസന) വകുപ്പ് (E:2725473/DEV-3/39/2024-FIN തീയതി 24.04.2025)
(എ.എസ്. നം. AS/LGD/25/42104 കാലാവധി- 8/5/2028)
6. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്. ഐ & പി ആർ ഡി
8. കരുതൽ ഫയൽ (ഡി.ബി1/409/2023/എൽ.എസ്.ജി.ഡി)